ഒഡീഷയിൽ ഇന്ന് കനത്ത മഴയ്ക്ക് സാദ്ധ്യത

ഒഡീഷ: ഒഡീഷയിലെ പതിനാലോളം ജില്ലകളിൽ ഇന്ന് കനത്ത മഴയ്ക്ക് സാദ്ധ്യതയുള്ളതായി ഭുവനേശ്വർ കാലാവസ്ഥാനിരീക്ഷണ കേന്ദ്രം അറിയിച്ചു. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ചുഴലിക്കാറ്റിനെ തുടർന്നാണ് മഴ ശക്തമാകുന്നതെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ബംഗാൾ ഉൾക്കടലിന്റെ കിഴക്കൻ തീരത്തും ചുറ്റുമുള്ള പ്രദേശങ്ങളിലുമായി മണിക്കൂറിൽ 35 കിലോമീറ്റർ വേഗത്തിലാണ് കാറ്റ് വീശുന്നത്. വടക്ക- കിഴക്ക് ഭാഗത്തേക്ക് നീങ്ങുന്ന മർദ്ദം ആന്ധ്രാപ്രദേശ്, ദക്ഷിണ ഒഡീഷ തീരങ്ങളിൽ എത്തുമെന്നാണ് കരുതുന്നത്.

ലൗജിഹാദ് ആരോപിച്ച് യുവാവിനെ വെട്ടിവീഴ്ത്തി, തീയിട്ട് കൊന്നു

ജയ്പൂർ: ലൗജിഹാദ് ആരോപിച്ച് രാജസ്ഥാനിൽ യുവാവിനെ മഴുകൊണ്ട് വെട്ടിവീഴ്ത്തിയശേഷം തീ കൊളുത്തികൊന്നു. തീ കൊളുത്തിയതിന്റെ ദൃശ്യങ്ങൾ ചിത്രീകരിച്ച് സമൂഹമാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. പശ്ചിമബംഗാൾ സ്വദേശിയായ മുഹമ്മദ് അഫ്രസുൽ എന്ന യുവാവാണ് സംഭവത്തിൽ പ്രദേശവാസിയായ ശംഭുലാൽ രേഗറിനെയും മറ്റ് എട്ടുപേരെയും ഒരു യുവതിയെയും പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

കൊല്ലപ്പെട്ടത്. രാജ്സമന്ദിൽ കരാർ ജീവനക്കാരനാണ് മുഹമ്മദ്. ശംഭുലാലിന്റെ സഹോദരിയെ മുഹമ്മദ് പ്രണയിച്ച് മതപരിവർത്തനം ചെയ്യാൻ ശ്രമിക്കുകയാണെന്ന് ആരോപിച്ചായിരുന്നു കൊലപാതകം. ജോലി നൽകാമെന്ന് പറഞ്ഞ് അളൊഴിഞ്ഞ സ്ഥലത്ത് മുഹമ്മദിനെ വിളിച്ചുവരുത്തി മഴുകൊണ്ട് വെട്ടി വീഴ്ത്തുകയായിരുന്നു. താഴെവീണ മുഹമ്മദിന്റെ ശരീരത്തിൽ തീകൊളുത്തികൊന്നു. ലൗജിഹാദ് നടത്തുന്ന എല്ലാവർക്കും ഇതായിരിക്കും ഗതിയെന്ന് ശംഭുലാൽ ഭീഷണി മുഴക്കുന്നതും വീഡിയോയിൽ കാണാം. ശംഭുലാലിന്റെ സുഹൃത്താണ് കൊലപാതകം ഫോണിൽ പകർത്തിയത്.

സംഭവ സ്ഥലത്തുനിന്നും പകുതി കത്തിയ മുഹമ്മദിന്റെ ശരീരവും മഴുവും സ്കൂട്ടറും കണ്ടെത്തി. രാജ്നഗർ പൊലീസ് കേസെടുത്തിട്ടുണ്ടെന്ന് രാജസ്ഥാൻ ആഭ്യന്തര മന്ത്രി ഗുലാബ് ചന്ദ് കത്താരിയ അറിയിച്ചു.

പനീർശെൽവം സ്വരുക്കൂട്ടിയത് 2200 കോടി

ചെന്നൈ: അധികാരത്തിന്റെ നിഴലിൽ മാത്രം നിന്നുകൊണ്ട് തമിഴ്നാട് ഉപമുഖ്യമന്ത്രി പനീർശെൽവവും കുടുംബവും സമ്പാദിച്ചത് 2200 കോടി രൂപയെന്ന് ഒരു ഇംഗ്ലീഷ് മാദ്ധ്യമം വെളിപ്പെടുത്തി. പനീർശെൽവത്തിന്റെ സ്വത്തുവിവരങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് വാരിക പുറത്തുവിട്ടിട്ടുണ്ട്.

എന്നാൽ തിരഞ്ഞെടുപ്പ് കമ്മിഷന് ഒ.പി.എസ് സമർപ്പിച്ച സത്യവാങ്മൂലത്തിൽ ഇക്കാര്യം മറച്ചുവച്ചിരുന്നു. വിവാദ മണൽ വ്യവസായി ശേഖർ റെഡ്ഡിയുമായി പനീർശെൽവം നടത്തിയ പണമിടപാട് വിവരങ്ങൾ അടങ്ങിയ ഡയറി ആദായനികുതി വകുപ്പ് റെയ്ഡിൽ പിടിച്ചെടുത്തിരുന്നു. റെഡ്ഡിയിൽ നിന്ന് കോടികൾ കൈപ്പറ്റിയെന്നും തേനി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്ഥലങ്ങൾ സ്വന്തമാക്കിയെന്നും തെളിയിക്കുന്ന രേഖകളാണ് വാരിക പുറത്തുവിട്ടത്.

വിവാഹം സ്ത്രീയെ പുരുഷന് പണയപ്പെടുത്തുന്നില്ല; ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: വിവാഹത്തിലൂടെ ഒരു സ്ത്രീയും അവളെ പുരുഷന് പണയപ്പെടുത്തുന്നില്ലെന്നും വിവാഹശേഷവും അവളുടെ സ്വത്വത്തിന് യാതൊരു മാറ്റവും സംഭവിക്കുന്നില്ലെന്നും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ദീപക് മിശ്ര പറഞ്ഞു.

മറ്റൊരു മതത്തിൽ പെട്ട ഒരാളെ പ്രത്യേക വിവാഹ നിയമപ്രകാരം വിവാഹം ചെയ്താലും സ്വന്തം വിശ്വാസങ്ങൾ പിന്തുടരാനുള്ള അവകാശം സ്ത്രീക്കുണ്ടെന്നും ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചു.

പ്രത്യേക വിവാഹ നിയമപ്രകാരം ഹിന്ദു യുവാവിനെ വിവാഹം ചെയ്ത പാർസി പെൺകുട്ടിക്ക് സ്വന്തം മതവിശ്വാസം പിന്തുടരാൻ അനുമതിയില്ലെന്ന ഗുജറാത്ത് ഹൈക്കോടതി വിധിക്കെതിരെയുള്ള അപ്പീലിൽ വാദം കേൾക്കവെയാണ് ഭരണഘടനാ ബെഞ്ചിന്റെ നിരീക്ഷണം.

വ്യത്യസ്ത മതങ്ങളിൽ പെട്ടവർ തമ്മിൽ വിവാഹം ചെയ്യുമ്പോൾ രണ്ടുപേർക്കും അവരവരുടെ വ്യക്തിത്വത്തെ മുറുകെ പിടിക്കാമെന്ന് 1954ലെ പ്രത്യേക പ്രത്യേക വിവാഹ നിയമത്തിൽ പറയുന്നുണ്ട്. ഹിന്ദു യുവാവിനെ വിവാഹം ചെയ്തെങ്കിലും പരാതിക്കാരി ഗുൽറൂഖ് എം.ഗുപ്ത മതം മാറിയിട്ടില്ല.

പ്രത്യേക വിവാഹ നിയമം സ്ത്രീയുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പിനുള്ള അവകാശം നൽകുന്നുണ്ട്. ആ അവകാശം പവിത്രമാണ്. വിവാഹ ശേഷം സ്വന്തം പേര് മാറ്റിയെന്നു കരുതി ഒരു പെൺകുട്ടി സ്വന്തം വിശ്വാസങ്ങൾ ത്യജിച്ചതായി കരുതരുതെന്നും ചീഫ് ജസ്റ്റിസ് ദീപക് മിശ്ര നിരീക്ഷിച്ചു.

ഹിന്ദുമതത്തിൽ പെട്ട യുവാവിനെ വിവാഹം ചെയ്ത പാർസി യുവതിക്ക് സ്വന്തം മതവിശ്വാസം പിന്തുടരാൻ സ്പെഷ്യൽ മാരേജ് ആക്ട് അനുമതി നൽകുന്നുണ്ടോ എന്ന കാര്യം ജസ്റ്റിസ് എ.കെ.സിക്രി, എ.എം.ഖൻവിൽക്കർ, ഡി.വൈ ചന്ദ്രചൂഡ്, അശോക് ഭൂഷൺ എന്നിവരടങ്ങുന്ന ഭരണഘടനാ ബെഞ്ച് തീരുമാനിക്കും.

> ജീവശാസ്ത്രപരമായ വ്യത്യാസത്തെ അടിസ്ഥാനമാക്കി മതവിശ്വാസങ്ങൾ സ്ത്രീക്കും പുരുഷനും വ്യത്യസ്തമാകുന്നതെങ്ങനെ?
>
> *ചീഫ് ജസ്റ്റിസ് ദീപക് മിശ്ര*

> ഒരു സ്ത്രീയുടെ വിശ്വാസവും വ്യക്തിത്വവും പുരുഷന്റെ വ്യക്തിത്വവുമായി ലയിപ്പിച്ചാൽ സ്പെഷ്യൽ മാര്യേജ് ആക്ടിന്റെ ആവശ്യമെന്താണ്?
>
> *ജസ്റ്റിസ് സിക്രി*

പൊതുബോധം ചോദ്യം ചെയ്ത് കോടതി

വിവാഹത്തോടെ ഭർത്താവിന്റെ മതവിശ്വാസം ഭാര്യയും പിന്തുടരണമെന്ന പൊതുധാരണയെ കോടതി എതിർത്തു. ഇത് ലിംഗപരമായ വിവേചനമാണെന്നും കോടതി ചൂണ്ടിക്കാട്ടി.

മോദി നീചനെന്ന് മണിശങ്കർ അയ്യർ, പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തു

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരായി മോശം പരാമർശം നടത്തിയ കോൺഗ്രസ് നേതാവ് മണിശങ്കർ അയ്യരെ പാർട്ടി പുറത്താക്കി. കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്നാണ് സസ്പെൻഡ് ചെയ്തത്.

എന്ത് വൃത്തികെട്ട രാഷ്ട്രീയവും കളിക്കുന്ന നീചനായ രാഷ്ട്രീയക്കാരനാണ് മോദി. കീഴാളനും അപരിഷ്കൃതനുമായ ആളാണ് അദ്ദേഹമെന്നുമാണ് മണിശങ്കർ അയ്യർ പറഞ്ഞത്.

പരാമർശം വിവാദമായതോടെ മാപ്പ് പറയുകയും ചെയ്തിരുന്നു. ഇംഗ്ലീഷിൽ ചിന്തിച്ച് ഹിന്ദിയിൽ സംസാരിച്ചപ്പോൾ ഉണ്ടായ പിശകാണ് തനിക്ക് സംഭവിച്ചതെന്നും അദ്ദേഹം ക്ഷമാപണത്തിൽ പറഞ്ഞു. ഹിന്ദി തന്റെ മാതൃഭാഷയല്ല. മോദിയെ ചായവിൽപ്പനക്കാരനെന്ന് വിളിച്ചിട്ടില്ല. താൻ പറഞ്ഞതിന് മറ്റ് അർത്ഥങ്ങളുണ്ടെങ്കിൽ മാപ്പു പറയുന്നതായും മണിശങ്കർ അയ്യർ പറഞ്ഞു.

വിവാദ പരാമർശത്തിയതിന് അയ്യർ മാപ്പു പറയണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധി രംഗത്തെത്തിയിരുന്നു. അദ്ദേഹത്തിന്റെ ഭാഷയോ ശൈലിയോ അംഗീകരിക്കുന്നില്ല. അദ്ദേഹം മാപ്പുപറയുമെന്നാണ് താനും കോൺഗ്രസും പ്രതീക്ഷിക്കുന്നതെന്നും രാഹുൽ ഗാന്ധി ട്വിറ്ററിൽ കുറിച്ചിരുന്നു.

മണിശങ്കർ അയ്യരുടെ കീഴാള പ്രയോഗം കോൺഗ്രസിന്റെ മുഗൾ മനോഭാവമാണ് കാണിക്കുന്നതെന്ന് പ്രധാനമന്ത്രി സൂറത്തിൽ പ്രതികരിച്ചിരുന്നു.

ഗുജറാത്ത് നാളെ ബൂത്തിലേക്ക്

ഒന്നാം ഘട്ടത്തിൽ 89 മണ്ഡലങ്ങൾ

അഹമ്മദാബാദ്: ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പിലെ ഒന്നാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്നലെ അവസാനിച്ചതോടെ 89 മണ്ഡലങ്ങളിൽ നാളെ വോട്ടെടുപ്പ് നടക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സ്വന്തം മണ്ണിലെ പോരാട്ടം എന്ന നിലയ്ക്കും കോൺഗ്രസ് അദ്ധ്യക്ഷസ്ഥാനം ഏറ്റെടുക്കാനിരിക്കെ ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധിക്കും ഗുജറാത്ത് തിരഞ്ഞെടുപ്പ് നിർണായകമാണ്. 182 അംഗ നിയമസഭയിലെ സൗരാഷ്ട്ര, കച്ച്, ദക്ഷിണ ഗുജറാത്ത് മേഖലയിലെ 89 സീറ്റുകളിലാണ് വോട്ടെടുപ്പ് നടക്കുക. മുഖ്യമന്ത്രി വിജയ് രൂപാനി മത്സരിക്കുന്ന രാജ്കോട്ട് വെസ്റ്റ് മണ്ഡലത്തിലും നാളെ വോട്ടെടുപ്പ് നടക്കും.

ഒന്നാം ഘട്ട വോട്ടെടുപ്പിലെ സൗരാഷ്ട്ര ഇരു പാർട്ടികൾക്കും നിർണായകമാണ്. പട്ടേൽ സമുദായത്തിന് നിർണായക സ്വാധീനമുള്ള എന്നും ബി.ജെ.പിക്കൊപ്പം നിന്നിട്ടുള്ള സൗരാഷ്ട്ര ഇത്തവണ തങ്ങൾക്ക് അനുകൂലമാകുമെന്ന പ്രതീക്ഷയിലാണ് കോൺഗ്രസ്.

അഭിപ്രായ സർവേകൾ

വിവിധ ദേശീയ മാദ്ധ്യമസ്ഥാപനങ്ങളും ഏജൻസികളും സംയുക്തമായി നടത്തിയ അഭിപ്രായ സർവേഫലങ്ങളിൽ ബി.ജെ.പിയും കോൺഗ്രസും ശക്തമായ പോരാട്ടം കാഴ്ചവയ്ക്കുമെന്നാണ് പ്രവചനം.

ആംഗഡിയകളിലൂടെ കോടികൾ ഒഴുക്കുന്ന ഗുജറാത്ത്

വി.എസ്.സനകൻ

അഹമ്മദാബാദ്: 'വിശ്വാസം, അതല്ലേ എല്ലാം' എന്ന പരസ്യ വാചകം ഏറ്റവും അനുയോജ്യമാകുന്നത് ഗുജറാത്തികൾക്കാണ്. ഒരു രസീത് പോലും വാങ്ങാതെയാണ് ഇവിടത്തെ വ്യാപാരികൾ അനധികൃതമായി പ്രവർത്തിക്കുന്ന ബാങ്കിംഗ് സംവിധാനത്തിലൂടെ ലക്ഷങ്ങൾ കൈമാറുന്നത്. അതിന്റെ പേരാണ് 'ആംഗഡിയ'. ഒരു ദിവസം മാത്രം 50 കോടിയോളം രൂപയാണ് ഇതുവഴി ഒഴുകുന്നതെന്ന് പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു ആംഗഡിയ സ്ഥാപനത്തിലെ ജീവനക്കാരൻതന്നെ സമ്മതിക്കുന്നു. കള്ളപ്പണം തടയാൻ നോട്ട് അസാധുവാക്കൽ ഉൾപ്പെടെ നടപ്പാക്കിയ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഗുജറാത്തിലാണ് ഈ സമാന്തര സമ്പദ്ഘടന പ്രവർത്തിക്കുന്നതെന്നതാണ് ശ്രദ്ധേയം.

രാജഭരണകാലത്ത് തുടങ്ങിയതാണ് ആംഗഡിയ എന്ന സമ്പ്രദായം. സ്വർണവും വജ്രങ്ങളും വ്യാപാരികൾ പരസ്പരം കൈമാറാൻ ഉപയോഗിച്ചിരുന്നതാണിത്. ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്ക് ആംഗഡിയകളാണ് സ്വർണവും വജ്രങ്ങളും കൊണ്ടുപോയിരുന്നത്. പിന്നീട് എപ്പോഴോ പണം കൈമാറുന്നതും ആംഗഡിയകൾ ഏറ്റെടുത്തു. അഹമ്മദാബാദിൽ മാത്രം 200 ഓളം ആംഗഡിയ സ്ഥാപനങ്ങളാണ് ബോർഡ് വച്ച് പ്രവർത്തിക്കുന്നത്. തിരഞ്ഞെടുപ്പുകാലത്ത് ചെറിയ തോതിൽ ഇവരുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം വരാറുണ്ടെങ്കിലും ഇത്തവണ അതുമുണ്ടായിട്ടില്ല.

അഹമ്മദാബാദിൽ നിന്ന് മുംബയിലേക്കും ആംഗഡിയ സർവീസുണ്ട്.

അഹമ്മദാബാദിൽ നിന്ന് മുംബയിലേക്ക് രാത്രിയുള്ള ട്രെയിനിൽ രണ്ട് ബോഗികളിൽ മുഴുവൻ ആംഗഡിയകളായിരിക്കും. കാര്യം പറഞ്ഞും പാട്ടു പാടിയും അവർ ഒരുമിച്ചാണ് യാത്ര. ഒരു ലൈസൻസുമില്ലാതെയാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്നതാണ് ശ്രദ്ധേയം.

ബ്രിട്ടനെ പിടിച്ചുലച്ച ചാരസുന്ദരി ക്രിസ്റ്റീൻ കീലർ വിടവാങ്ങി

പ്രൊഫ്യൂമോ വിവാദത്തിലെ നായിക

ലണ്ടൻ: അറുപതുകളിൽ ബ്രിട്ടനെ പിടിച്ചുകുലുക്കിക്കൊണ്ട് രാജ്യത്തിന്റെ ഭരണ രഹസ്യങ്ങൾ റഷ്യയ്ക്ക് ചോർത്തിക്കൊടുത്ത കുപ്രസിദ്ധമായ പ്രൊഫ്യൂമോ ചാരക്കേസിലെ വിവാദ നായിക ക്രിസ്റ്റീൻ കീലർ (75) ലോകത്തോട് വിട വാങ്ങി.

തെക്കൻ ഇംഗ്ലണ്ടിലെ ഫാൺബറോയിലെ ആശുപത്രിയിൽ തിങ്കളാഴ്ചയായിരുന്നു കീലറുടെ അന്ത്യമെന്ന് മകൻ സെയ്മൂർ പ്ലാറ്റ്ഫെയ്സ് ബുക്കിൽ അറിയിച്ചു. കടുത്ത ശ്വാസകോശ രോഗം മൂലം ദീർഘനാളായി കീലർ അവശയായിരുന്നു.

ചാരവൃത്തിയും വ്യഭിചാരവും കോടതിക്കേസുമൊക്കെയായി ബ്രിട്ടനിലെ കുട്ടിപ്പത്രങ്ങൾ ആഘോഷിച്ച സുന്ദരിയായിരുന്നു ക്രിസ്റ്റീൻ കീലർ. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ഹാരോൾഡ് മക്മില്ലന്റെ കൺസർവേറ്റിവ് സർക്കാരിൽ സൂപ്പർ താര പരിവേഷമുണ്ടായിരുന്ന യുദ്ധകാര്യ സെക്രട്ടറിയായിരുന്ന ജോൺ പ്രൊഫ്യൂമോ. അടുത്ത പ്രധാനമന്ത്രിയാകുമെന്ന് വരെ കരുതപ്പെട്ടിരുന്ന അദ്ദേഹത്തിന് കീലറുമായുള്ള ബന്ധത്തിന്റെ പേരിൽ രാജിവയ്ക്കേണ്ടിവന്നു. 1963ൽ മക്മില്ലൻ ഗവൺമെന്റ് രാജിവച്ചതിലും പ്രൊഫ്യൂമോ-കീലർബന്ധത്തിന് ചെറുതല്ലാത്ത പങ്കുണ്ടായിരുന്നു.

ക്രിസ്റ്റീൻ കീലർ

- ജനനം ലണ്ടനിൽ 1942 ഫെബ്രുവരി 22
- കൗമാര പ്രായത്തിൽ അമ്മയുടെ കാമുകന്റെയും അയാളുടെ സുഹൃത്തുക്കളുടെയും ലൈംഗിക പീഡനങ്ങൾക്ക് ഇരയായി.
- 16ാം വയസിൽ വീട് വിട്ടു. ലണ്ടനിലെ ക്ലബിൽ അർദ്ധനഗ്ന നർത്തകിയായി
- അവിടെ മസാജറായ സ്റ്റീഫൻ വാർഡിനെ പരിചയപ്പെട്ടു.
- ഉന്നത ബന്ധങ്ങളുള്ള സ്റ്റീഫൻ ആണ് 1961 ൽ കീലറെ പ്രൊഫ്യൂമോയ്ക്ക് പരിചയപ്പെടുത്തിയത്. അന്ന് അദ്ദേഹത്തിന് 45 ഉം കീലർക്ക് 19 വയസും. ബക്കിംഗ്ഹാംഷയറിലെ ക്ലൈവ്ഡെൻ ഹൗസിലെ സ്വിമ്മിംഗ് പൂളിൽ നഗ്നയായി നീന്തിത്തുടിക്കുകയായിരുന്ന കീലറിനെ പ്രൊഫ്യൂമോ ആരാധനയോടെ നോക്കി നിന്നു....
- ആളുകൾ തന്നെ അഭിസാരികയെന്ന് വിശേഷിപ്പിച്ചത് കീലർ ഇഷ്ടപ്പെട്ടിരുന്നില്ല. അതിന് അവർ മറുപടി പറഞ്ഞിട്ടുണ്ട്-- "അതേ, പണത്തിന് വേണ്ടി ഞാൻ സെക്സിൽ ഏർപ്പെട്ടിട്ടുണ്ട്. അത് നിവൃത്തികേട് കൊണ്ട് മാത്രമായിരുന്നു. അപ്പോഴും അത് പണത്തേക്കാൾ ഉപരി സ്നേഹത്തിന് വേണ്ടിയായിരുന്നു..."

അംബേദ്കറിനെ വോട്ടിനായി ഉപയോഗിച്ചു: മോദി

ന്യൂഡൽഹി: ഭരണഘടനാ ശില്പിയായ ഡോ. ബി. ആർ. അംബേദ്കറുടെ പേരിൽ വോട്ട് തേടുന്ന രാഷ്ട്രീയ പാർട്ടികൾ തന്നെയാണ് രാജ്യ നിർമ്മാണത്തിലെ അംബേദ്കറുടെ സംഭാവനകളെ ചരിത്രത്തിൽനിന്ന് മായ്ക്കാൻ ശ്രമിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി കുറ്റപ്പെടുത്തി. ഡൽഹിയിൽ അംബേദ്കർ അന്താരാഷ്ട്ര പഠന കേന്ദ്രം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

23 വർഷം മുൻപ് പദ്ധതിയിട്ട പഠന കേന്ദ്രത്തിന് വേണ്ട നടപടികൾ ഒന്നും അംബേദ്കറിന്റെ പേരിൽ വോട്ട് തേടിയവർ ചെയ്തില്ലെന്നും മോദി പറഞ്ഞു. കോൺഗ്രസ് ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധിയുടെ പ്രസ്താവനയെയും മോദി പരിഹസിച്ചു. ചില പാർട്ടികൾ ബാബ സാഹിബിനെക്കാൾ ബാബ ഭോലെ (പരമശിവൻ) കുറിച്ചാണ് സംസാരിക്കുന്നതെന്നായിരുന്നു മോദിയുടെ പരിഹാസം.

പ്രധാനമന്ത്രി നരേന്ദ്രമോദി അംബേദ്കർ അന്താരാഷ്ട്ര പഠന കേന്ദ്രം ഉദ്ഘാടനം ചെയ്യുന്ന

#മീ ടൂ മിടുക്കികൾ ടൈം മാഗസിൻ 'പേഴ്സൺ ഒഫ് ദ ഇയർ'

ന്യൂയോർക്ക്: അമേരിക്കൻ മാഗസിനായ ടൈമിന്റെ ഇത്തവണത്തെ പേഴ്സൺ ഒഫ് ദ ഇയർ തിരഞ്ഞെടുപ്പ് വ്യത്യസ്തമായി. ജീവിതത്തിൽ എപ്പോഴെങ്കിലും ലൈംഗികാതിക്രമത്തിനിരയായിരുന്നെന്ന് തുറന്നു പറയാൻ ധൈര്യം കാണിച്ച് മുന്നോട്ടുവന്ന സ്ത്രീകളെയാണ് 'മൗനം വെടിഞ്ഞവർ' (ദ സൈലൻസ് ബ്രേക്കേഴ്സ്) എന്ന പേരിൽ മാഗസിൻ പേഴ്സൺ ഒഫ് ദ ഇയറായി തിരഞ്ഞെടുത്തത്. ഒക്ടോബറിൽ ആരംഭിച്ച #മീടൂ കാമ്പെയിനിന്റെ ഭാഗമായി നിരവധി സ്ത്രീകളാണ് രാഷ്ട്രീയ, സിനിമാ, കായിക മേഖലകളിലെ പ്രമുഖരിൽ നിന്ന് തങ്ങൾക്കുണ്ടായ ദുരനുഭവം സമൂഹമാദ്ധ്യമങ്ങളിൽ തുറന്നു പറഞ്ഞത്.

Person of the Year
TIME

കവറിൽ ആഷ്‌ലി ജൂഡ്, ടെയ്‌ലർ സ്വിഫ്റ്റ്, അലീസാ മിലാനോ, തരാന ബ്രൂക്ക്, റോസ് മക്ഗോവൻ എന്നിവർ

വിവിധം

കല്പനയുടെ മകൾ ശ്രീമയിയും സിനിമയിലേക്ക്

സ്വന്തം ലേഖിക

അന്തരിച്ച ചലച്ചിത്രനടി കല്പനയുടെ മകൾ ശ്രീമയി ആദ്യമായി അഭിനയിക്കുന്ന സിനിമയുടെ പത്ര സമ്മേളനത്തിൽ എറണാകുളം പ്രസ് ക്ലബിൽ സംസാരിക്കുന്നു. സംവിധായകൻ സുമേഷ് ലാൽ സമീപം

കൊച്ചി: നൃത്തമോ, നാടകമോ കളിക്കാൻ ഇന്നേവരെ ഒരു വേദിയിലും കയറിയിട്ടില്ല. എങ്കിലും പരിചയസമ്പന്നയായ അഭിനേത്രിയെ പോലെ ശ്രീമയി കാമറയെ അഭിമുഖീകരിച്ചു, അകാലത്തിൽ വേർപിരിഞ്ഞ നടി കല്പനയുടെ ഏകമകൾ ശ്രീമയി. 'കുഞ്ഞിയമ്മയും അഞ്ചു മക്കളും' എന്ന ചിത്രത്തിലൂടെ നടനകുടുംബത്തിലെ ഇളംമുറക്കാരിയും സിനിമയിലേക്ക് ചുവടുവയ്ക്കുകയാണ്.

അഭിനയം രക്തത്തിലുണ്ടെന്ന് പറയാനാണ് ശ്രീമയിക്ക് ഇഷ്ടം. അമ്മയ്ക്ക് പകരമാവാൻ തനിക്കെന്നല്ല, ആർക്കും സാധിക്കില്ല. അതുപോലെ ഹാസ്യ കഥാപാത്രങ്ങൾ ചെയ്യാനാകുമെന്ന ധൈര്യവും വന്നിട്ടില്ല. ചെറിയ ഹ്യൂമർ റോളുകൾ വന്നാൽ ഒരുപക്ഷേ സാധിക്കുമായിരിക്കുമെന്ന് ശ്രീമയി പറഞ്ഞു.

'ഞങ്ങളുടെ തറവാട് സിനിമയാണ്. ഇവളും ആ അന്നമാണ് കഴിച്ചത്. ഞങ്ങൾക്ക് ആകെ പരിചയം സിനിമാമേഖല മാത്രമാണ്. വേറൊരു തൊഴിലിനെ കുറിച്ച് പറഞ്ഞുകൊടുക്കാൻ അറിയില്ല. ഞങ്ങളുടെ കൂട്ടത്തിൽ നിന്ന് ആദ്യം സിനിമയിലേക്ക് വന്നത് കല്പനയാണ്. മകളെ എന്നെ ഏല്പിച്ചിട്ടാണ് അവൾ പോയത്'- കല്പനയുടെ മൂത്ത സഹോദരിയും സിനിമാ താരവുമായ കലാരഞ്ജിനി വിതുമ്പലോടെ പറഞ്ഞപ്പോൾ ശ്രീമയി മിഴികൾ തുടച്ചു. അവൾ കരയുകയല്ല, മസ്കാരയുടെ പൊടി വീണതുകൊണ്ട് കണ്ണുതുടയ്ക്കുകയാണെന്ന് കല തിരുത്തി.

ചെന്നൈ എസ്.ആർ.എം കോളേജിൽ ബി.എ ഒന്നാം വർഷ വിദ്യാർത്ഥിനിയാണ് ശ്രീമയി. പഠനത്തിന് വേണ്ടിയാണ് തൃപ്പൂണിത്തുറയിൽ നിന്ന് കുടുംബം ചെന്നൈയിലേക്ക് താമസം മാറ്റിയത്.

ഉർവശിയുടെ മകൾ കുഞ്ഞാറ്റയും തന്റെ മകൻ അമ്പാടിയും സഹോദരന്റെ മകൻ അമ്പോറ്റിയുമെല്ലാം താമസിയാതെ സിനിമയിലെത്തുമെന്ന് കല പറഞ്ഞു. പ്ലസ് ടു കഴിഞ്ഞപ്പോഴാണ് കുട്ടിക്കൂട്ടത്തിന്റെ സിനിമാമോഹം പുറത്തുവന്നത്. എല്ലാവരും വിവിധ കോളേജുകളിൽ വിഷ്വൽ മീഡിയ വിദ്യാർത്ഥികളാണ്.

സിനിമയിൽ ശ്രീസംഖ്യ

ശ്രീമയി എന്ന പേര് സിനിമയ്ക്ക് വേണ്ടി ന്യൂമറോളജി പ്രകാരം ശ്രീസംഖ്യയെന്ന് മാറ്റി. കല്പനയുടെ അമ്മയാണ് പേരിട്ടത്. സൂര്യന്റെ ഭാര്യയാണ് സംഖ്യ, എവിടെയും തളരാതെ സൂര്യനൊപ്പം തന്നെ ശക്തിയിൽ ജ്വലിച്ച് നില്ക്കുന്നവൾ.

സിനിമ

ആബ്രൂ ഫിലിംസിന്റെ ബാനറിൽ സുമേഷ് ലാൽ സംവിധാനം ചെയ്യുന്ന 'കുഞ്ഞിയമ്മയും അഞ്ചുമക്കളും' ഷൂട്ടിംഗ് ജനുവരിയിൽ ആരംഭിക്കും. കുഞ്ഞിയമ്മ എന്ന ലീഡ് റോളിലാണ് ശ്രീമയി. 'ഓഫറുകൾ വരുന്നുണ്ടെങ്കിലും പഠനത്തിനൊപ്പം കൊണ്ടുപോകാൻ സാധിക്കണമെന്നേയുള്ളൂ'- ശ്രീമയി പറഞ്ഞു.

അദ്ധ്യാപിക ചോദ്യപേപ്പർ ചോർത്തി, സാങ്കേതിക സർവകലാശാല കുരുക്കിൽ

ചോർന്നത് ചൊവ്വാഴ്ച നടത്തിയ അപ്ലൈഡ് ഇലക്ട്രോമാഗ്നറ്റിക് തിയറി

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: സാങ്കേതിക സർവകലാശാല ചൊവ്വാഴ്ച നടത്തിയ അഞ്ചാം സെമസ്റ്റർ ഇലക്ട്രോണിക്സ് എൻജിനിയറിംഗിലെ അപ്ലൈഡ് ഇലക്ട്രോമാഗ്നറ്റിക് തിയറി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു.

ചോദ്യപേപ്പർ തയാറാക്കാനായി സർവകലാശാല നിയോഗിച്ച പാനലിലെ അദ്ധ്യാപികയാണ് ചോർത്തിയതെന്നാണ് പ്രാഥമിക നിഗമനം. ഇതുസംബന്ധിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള കരുനാഗപ്പള്ളി ഐ. എച്ച്. ആർ.ഡി എൻജിനിയറിംഗ് കോളജ് പ്രിൻസിപ്പലിൽ നിന്ന് സാങ്കേതിക സർവകലാശാല വിശദീകരണം തേടി. യഥാർത്ഥ ചോദ്യപേപ്പറാണ് ചോർന്നതെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും 24 മണിക്കൂറിനകം റിപ്പോർട്ട് നൽകാൻ പരീക്ഷാ കൺട്രോളറോട് നിർദേശിച്ചതായും പ്രോവൈസ്ചാൻസലർ ഡോ.എം.അബ്ദുറഹ്മാൻ പറഞ്ഞു.

ചൊവ്വാഴ്ചത്തെ പരീക്ഷയുടെ ചോദ്യപേപ്പർ തിങ്കളാഴ്ച വൈകിട്ട് അദ്ധ്യാപിക വാട്സാപ്പിലൂടെ ഐ.എച്ച്.ആർ.ഡി കോളേജിലെ വിദ്യാർത്ഥികൾക്ക് അയച്ചുനൽകിയെന്നാണ് ആരോപണം. മാതൃകാ ചോദ്യപേപ്പർ ആയിരിക്കുമെന്നാണ് വിദ്യാർത്ഥികൾ കരുതിയത്. എന്നാൽ അടുത്ത ദിവസത്തെ പരീക്ഷയിൽ ഇതേ ചോദ്യപേപ്പർ മാറ്റമൊന്നുമില്ലാതെ ആവർത്തിച്ചതോടെയാണ് ചോദ്യം ചോർന്നതായി പുറത്തറിഞ്ഞത്. ചോദ്യപേപ്പർ തയാറാക്കുന്ന നാല് പേരുടെ പാനലിൽ കരുനാഗപ്പള്ളി കോളജിലെ അദ്ധ്യാപികയും അംഗമാണ്. നാല് പേരിൽ നിന്നും ശേഖരിച്ച ചോദ്യപേപ്പറുകളിൽ നിന്ന് പരീക്ഷയ്ക്കായി തിരഞ്ഞെടുത്തത് കരുനാഗപ്പള്ളി കോളജിലെ അദ്ധ്യാപിക തയാറാക്കിയ ചോദ്യമായിരുന്നു.

സംഭവത്തെക്കുറിച്ച് അന്വേഷണം പ്രഖ്യാപിച്ചതായും സർവകലാശാലയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്നും പ്രോ വൈസ്ചാൻസലർ അറിയിച്ചു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ നേരത്തെ നൽകിയെന്ന് തെളിഞ്ഞാൽ പരീക്ഷ റദ്ദാക്കുകയും പുനഃപരീക്ഷ നടത്തുകയും ചെയ്യും. ചോദ്യപേപ്പർ ചോർച്ച തെളിഞ്ഞാൽ ഉത്തരവാദികൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും പ്രോ വൈസ്ചാൻസലർ അറിയിച്ചു.

പി.വി.സിയെ ഉപരോധിച്ചു

ചോദ്യപേപ്പർ ചോർന്ന സംഭവവുമായി ബന്ധപ്പെട്ട് എ.ഐ.എസ്.എഫ്, എ.ബി.വി.പി. സംഘടനകളുടെ നേതൃത്വത്തിൽ സാങ്കേതിക സർവകലാശാല പി വി സി ഡോ.എം.അബ്ദുറഹ്മാനെ ഉപരോധിച്ചു.

കൊട്ടക്കമ്പൂർ ഭൂമിക്കേസ്: 13 ലേക്ക് മാറ്റി

കൊച്ചി : ജോയ്സ് ജോർജ് എം.പിയടക്കമുള്ളവർക്കെതിരായ കൊട്ടക്കമ്പൂർ ഭൂമി കൈയേറ്റക്കേസിന്റെ അന്വേഷണം സി.ബി.ഐക്ക് വിടണമെന്ന ഹർജി ഡിസംബർ 13ന് പരിഗണിക്കാൻ മാറ്റി. ഉടുമ്പഞ്ചോല സ്വദേശി മുകേഷ് നൽകിയ ഹർജിയാണ് ഹൈക്കോടതി പരിഗണിക്കുന്നത്.

കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിലെ പട്ടികജാതി വിഭാഗക്കാരുടെ ഭൂമി ജോയ്സ് ജോർജ് എം.പിയടക്കമുള്ളവർ അനധികൃതമായി കൈവശപ്പെടുത്തിയ കേസിന്റെ അന്വേഷണം നിഷ്പക്ഷമായി നടക്കുന്നില്ലെന്നും ജോയ്സ് ജോർജിന്റെ രാഷ്ട്രീയ സ്വാധീനമാണ് ഇതിന് കാരണമെന്നും ഹർജിക്കാരൻ ആരോപിക്കുന്നു. ഇന്നലെ ഹർജി പരിഗണനയ്ക്കു വന്നപ്പോൾ ഭൂമിയുടെ രേഖകൾ കാണാനില്ലെന്ന് മൂന്നാർ ഡിവൈ.എസ്.പി എസ്. അഭിലാഷ് നൽകിയ റിപ്പോർട്ടിൽ പുതിയതായി ഒന്നും പറയുന്നില്ലെന്ന് ഹർജിക്കാരന്റെ അഭിഭാഷകൻ ചൂണ്ടിക്കാട്ടി. ഈ കേസിന്റെ തുടക്കം മുതൽ പൊലീസ് ഇതേ റിപ്പോർട്ടാണ് നൽകുന്നതെന്നും അഭിഭാഷകൻ വ്യക്തമാക്കി.

വെടിയുണ്ടയുമായി ശബരിമലയ്ക്ക്; പുലിവാലുപിടിച്ച് സ്വാമിമാർ

സ്വന്തം ലേഖകൻ

കോട്ടയം: പൊലീസിനെ വെട്ടിച്ച് ബൈക്കിൽ പാഞ്ഞ സ്വാമിമാരെ പരിശോധിച്ചപ്പോൾ ബാഗിനുള്ളിൽ ആറ് പെല്ലറ്റും (വെടിയുണ്ട) അതു നിറയ്ക്കുന്ന ഗ്യാസും. അതും ബാബ്റി മസ്ജിദ് തകർത്തതിന്റെ വാർഷിക ദിനമായ ആറിന് പുലർച്ചെ. പോരെ പൂരം!. പിന്നെ കസ്റ്റഡിയായി, ചോദ്യം ചെയ്യലായി. ഒരു ദിവസത്തെ അന്വേഷണത്തിനൊടുവിൽ ഇവർ കുഴപ്പക്കാരല്ലെന്നു മനസിലായതോടെ പൊലീസ് വിട്ടയച്ചു.

പാലക്കാട് സ്വദേശികളായ മുഹമ്മദ് നസീഫ്, അഖിൽ കുമാർ, രവിശങ്കർ, വിനേഷ്, ആഷിബ്, അജിത് ശങ്കർ എന്നിവരാണ് ലൈസൻസ് വേണ്ടാത്ത എയർ ഗണ്ണിന്റെ പെല്ലറ്റ് ബാഗിൽ സൂക്ഷിച്ചതിന്റെ പേരിൽ പുലിവാലു പിടിച്ചത്.

മൂന്ന് ബൈക്കുകളിലാണ് ഇവർ ശബരിമലയ്ക്ക് പുറപ്പെട്ടത്. ബാബ്റി മസ്ജിദ് തകർത്തതിന്റെ വാർഷികത്തോടനുബന്ധിച്ച് കനത്ത പരിശോധനയുടെ ഭാഗമായി ഈരാറ്റുപേട്ട കുളത്തുക്കടവിൽ ഇവരുടെ ബൈക്കിന് പൊലീസ് കൈ കാണിച്ചെങ്കിലും നിറുത്താതെ പാഞ്ഞുപോവുകയാണുണ്ടായത്. ദുരൂഹത മണത്ത പൊലീസ് ഈരാറ്റുപേട്ട സ്റ്റേഷനിൽ അറിയിച്ച് മാർഗ തടസം സൃഷ്ടിച്ചാണ് ഇവരെ പിടികൂടിയത്.

ബാഗ് പരിശോധിച്ചപ്പോൾ വെടിയുണ്ടകളും അതു നിറയ്ക്കുന്ന ഗ്യാസും. ആറ് പേരെയും അതോടെ സ്റ്റേഷനിലേക്കു മാറ്റി. പിന്നീട് മാരത്തൺ ചോദ്യം ചെയ്യലായിരുന്നു.

സുഹൃത്തുക്കളിൽ ഒരാളുടെ ബൈക്കിന് രേഖകളില്ലാതിരുന്നതിനാലാണ് നിറുത്താതെ പോയതെന്ന് ആറു പേരും ആണയിട്ടു. ലൈസൻസ് വേണ്ടാത്ത എയർ ഗണ്ണിന്റെ പെല്ലറ്റാണെന്ന് പൊലീസിനും ബോദ്ധ്യമായി. ഇവ കോയമ്പത്തൂരിൽ നിന്ന് വാങ്ങിയതാണെന്നും മറ്റൊരു ബാഗിലേക്ക് മാറ്റാൻ മറന്നതാണെന്നും യുവാക്കൾ പറഞ്ഞു.

പാലക്കാട്ടെ വിലാസത്തിൽ നടത്തിയ അന്വേഷണത്തിൽ ഇവർ കുഴപ്പക്കാരല്ലെന്നും ബോദ്ധ്യമായി. അതോടെ പെറ്റിക്കേസെടുത്ത് എല്ലാവരെയും വിട്ടയച്ചു.